"ഭരണഭാഷ – മാതൃഭാഷ"

സംസ്ഥാന ആസൂത്രണ ബോർഡ്

നം.I/78433/2026

പട്ടം പാലസ് പി.ഒ,
തിരുവനന്തപുരം,
തീയതി:27-04-2026

**ക്വട്ടേഷൻ നോട്ടീസ്**

തിരുവനന്തപുരം പട്ടത്ത് പ്രവർത്തിക്കുന്ന സംസ്ഥാന ആസൂത്രണ ബോർഡ് കാര്യാലയത്തിലുള്ള കാന്റീൻ നടത്തിപ്പിന് താഴെപറയുന്ന നിബന്ധനകളോട് കൂടി ക്വട്ടേഷൻ ക്ഷണിച്ച് കൊള്ളുന്നു.

**ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാനതീയതി: 05/05/2026 ഉച്ചക്ക് ശേഷം 3 മണി വരെ .**

**ക്വട്ടേഷൻ തുറന്നു പരിശോധിക്കുന്ന തീയതി: 05/05/2026 ഉച്ചക്ക് ശേഷം 4 മണി .**

**ക്വട്ടേഷൻ തുറന്നു പരിശോധിക്കുന്ന സ്ഥലം: സംസ്ഥാന ആസൂത്രണ ബോർഡ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചേംബർ**

**പ്രഭാത ഭക്ഷണം**

പുട്ട്, ദോശ, അപ്പം, പൂരി, ഇടിയപ്പം, ചപ്പാത്തി തുടങ്ങിയവ ( ഏതെങ്കിലും രണ്ടോ മൂന്നോ ഐറ്റങ്ങൾ ഉണ്ടായിരിക്കണം)

കറി

ചമ്മന്തി/ സാമ്പാർ എന്നിവയിൽ ഏതെങ്കിലും വില ഈടാക്കാതെയും കടലക്കറി, മുട്ടക്കറി, കുറുമകറി, കിഴങ്ങുകറി. (മറ്റെന്തെങ്കിലും ഉണ്ടെങ്കിൽ അതും) വില ഈടാക്കിയും നൽകാവുന്നതാണ്. ( ഏതങ്കിലും 2 ഐറ്റങ്ങൾ ഉണ്ടായിരിക്കണം)

**ഉച്ചഭക്ഷണം**

ഒന്നിടവിട്ട ദിവസങ്ങളിൽ ചമ്പാവ് / വെള്ള അരിയുടെ ചോറും അവിയൽ, തോരൻ , അച്ചാർ. പപ്പടം ഇവ സ്ഥിരമായും ഉണ്ടായിരിക്കണം. ഒഴിച്ചുകറികളായി പരിപ്പ്/സാമ്പാർ, രസം/ പുളിശ്ശേരി ഇവയിൽ ഏതെങ്കിലും ഒന്നും പിന്നെ മോര് സ്ഥിരമായും ഉണ്ടാകണം. കൂടാതെ മീൻകറി, മീൻ വറുത്തത് , മുട്ട ഒമ്ലെറ്റ്, (മറ്റ് ഐറ്റങ്ങൾ ഇവയിൽ ഏതെങ്കിലും ഉണ്ടെങ്കിൽ അതും) (രണ്ട് ഐറ്റങ്ങൾ ഉണ്ടായിരിക്കണം).

**ഉച്ചക്ക് ശേഷം**

ചായ, കോഫി ( Minimum 150 ml), വട, പഴംപൊരി, മറ്റുള്ളവ (രണ്ട് തരം എങ്കിലും ഉണ്ടായിരിക്കണം)

മേൽ പറഞ്ഞിട്ടുള്ള പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം, ഉച്ചക്ക് ശേഷം ഉള്ള വിഭവങ്ങൾ എന്നിവയുടെ തരം തിരിച്ചുള്ള വില കോട്ട് ചെയ്യേണ്ടതാണ്. ഉച്ച ഭക്ഷണത്തിൻ്റെ വിലയും സ്പെഷ്യൽ ഐറ്റങ്ങളായ മത്സ്യം, മുട്ട, ചിക്കൻ ,ബീഫ്, (മറ്റുള്ളവ ഉണ്ടെകിൽ അതിൻറെയും) വിലകൾ പ്രത്യേകം പ്രത്യേകം ക്വോട്ട് ചെയ്യേണ്ടതാണ്. കൂടാതെ ഓഫീസിനുള്ളിൽ ജീവനക്കാർക്ക് വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള വിലയും മീറ്റിങ്ങുകൾക്ക് High tea/coffee സ്നാക്സ് എന്നിവയുടെ വിലയും കാണിച്ച് നൽകുന്ന ക്വട്ടേഷൻ മാത്രമേ അംഗീകരിക്കുകയുള്ളു. ക്വട്ടേഷൻ സ്വീകരിച്ച് തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറിൽ

നിക്ഷിപ്തമായിരിക്കും. മേൽ വിലകൾ ക്വോട്ട് ചെയ്യണ്ടത് സംസ്ഥാന ആസൂത്രണ ബോർഡ് ജീവനക്കാർക്ക് നൽകുന്ന ഭക്ഷണത്തിനും ഈ ഓഫീസിൽ ചേരുന്ന യോഗങ്ങൾക്കും മാത്രമുള്ളതായിരിക്കണം. **ജീവനക്കാരല്ലാത്തവർക്കും പുറത്തുള്ള മീറ്റിംഗ്കൾക്കും ഉള്ള തുക കാൻറീൻ നടത്തിപ്പുകാർക്ക് സ്വതന്ത്രമായി തീരുമാനിക്കാവുന്നതാണ്.**

നിബന്ധനകൾ

1. കാന്റീൻ നടത്തിപ്പുകാർക്ക് ഹെൽത്ത് കാർഡ് ഹാജരാക്കണം.
2. ആസൂത്രണ ബോർഡിൻ്റെ കാൻ്റീൻ മുൻപ് നടത്തി എന്തെങ്കിലും കാരണത്താൽ ഒഴിവാക്കിയവരിൽ നിന്നും ക്വട്ടേഷൻ സ്വീകരിക്കുന്നതല്ല.
3. കാന്റീൻ വേസ്റ്റ് സ്വന്തം ചിലവിൽ ഓഫീസിൽ നിന്നും കൊണ്ടുപോയി സംസ്കരിക്കേണ്ടതാണ്.
4. കാന്റീൻ നടത്തിപ്പിനായി ആവശ്യത്തിനു ജോലിക്കാർ ഉണ്ടായിരിക്കണം.
5. കാന്റീൻ നടത്തിപ്പിനായി കരർ ലഭിച്ചവർ canteen പ്രവർത്തനം ആരംഭിക്കുന്നതിനായി 25.000/- (രൂപ ഇരുപത്തി അയ്യായിരം) കുറയാത്ത തുക സെക്യൂരിറ്റി ഡിപ്പോസിറ്റ് നൽകേണ്ടതാണ്.
6. രാവിലെയും ഉച്ചക്ക് ശേഷവും ഓഫീസിനുള്ളിലും ചായ / സ്നാക്ക്സ് വിതരണം ചെയ്യേണ്ടതാണ്
7. കാന്റീൻ നടത്തിപ്പിനായി സംസ്ഥാന ആസൂത്രണ ബോർഡ് Senior Administrative ഓഫീസറുമായി ഒരു കരാറിൽ ഏർപ്പെടെണ്ടതും ഈ കരാറിലെ വ്യവസ്ഥകൾക്കനുസരിച്ച് കാന്റീൻ പ്രവർത്തനം നടത്തേണ്ടതുമാണ്.
8. നല്ലനിലയിൽ കാന്റീൻ നടത്തി മുൻ പരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
9. മേൽ വിവരിച്ച ആഹാര സാധനങ്ങളുടെ വിലകൾ അടങ്ങിയ ക്വട്ടേഷൻ മാത്രമേ പ്രാഥമിക താരതമ്യത്തിനായി സ്വീകരിക്കുകയുള്ളു. എങ്കിലും മറ്റ് ആഹാര സാധനങ്ങളുടെ വിലയും ക്വട്ടേഷനിൽ ഉൾപ്പെടുത്താവുന്നതാണ്.
10. **പ്രഭാത ഭക്ഷണം കൃത്യം രാവിലെ 8.30 മുതലും** ഉച്ച ഭക്ഷണം 12 മണി മുതലും നൽകേണ്ടതാണ്.

കാന്റീൻ നടത്തിപ്പുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കും ക്വട്ടേഷൻ സംബന്ധിച്ച സംശയ ദുരീകരണത്തിനുമായി ആസൂത്രണ ബോർഡ് പബ്ലിക്കേഷൻ സെക്ഷനിൽ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്

പകർപ്പ്:

1. ആസൂത്രണ ബോർഡ് നോട്ടീസ് ബോർഡ്
2. ആസൂത്രണ ബോർഡ്നോട്ടീസ് ബോർഡ് വെബ്സൈറ്റ്

Digitally signed by
ASEEM A
Date: 27-04-2026
15:17:53

ASEEM A
Sr. Administrative Officer